**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2870** **25-06-2024 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ബോർഡ് വഴി ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മലബാർ ദേവസ്വം ബോർഡ് വഴി ആചാരസ്ഥാനികൾക്കും കോലധികാരികൾക്കും പ്രതിമാസം നൽകി വരുന്ന ധനസഹായത്തിനായി പുതുതായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട് . |
| (ബി) | എങ്കിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകളിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; | (ബി) | പുതുതായി അപേക്ഷകൾ ക്ഷണിച്ചപ്പോൾ ആചാരസ്ഥാനികരിൽ നിന്ന് 481 അപേക്ഷകളും, കോലധികാരികളിൽ നിന്ന് 74 അപേക്ഷകളും മലബാർ ദേവസ്വം ബോർഡിൽ ലഭിച്ചിട്ടുണ്ട്. ആയത് ബോർഡിന്റെ ശിപാർശ സഹിതം സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് നടപടികൾ ബോർഡ് തലത്തിൽ പുരോഗമിച്ചു വരികയാണ്. |
| (സി) | പ്രസ്തുത സഹായ ധന വിതരണത്തിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) | 2023 ഏപ്രിൽ മാസം മുതൽ കുടിശ്ശികയാണ്. പ്രതിമാസ ധനസഹായ വിതരണത്തിന് 2024-25 വർഷത്തെ ബഡ്ജറ്റിൽ 5.30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് റിലീസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ മലബാർ ദേവസ്വം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ